# വാസ്തു വിദ്യാ ഗുരുകുലം, ആറന്മുള

## ഡിപ്ലോമോ ഇൻ ഇന്ത്യൻ എപ്പിഗ്രാഫി

### 1 മുഖവുര

ചരിത്രസ്മൃതികളായിക്കൊ ിരിക്കുന്ന,പുരാലിഖിതങ്ങളുടെയും ചരിത്രരേഖകളുടെയും, പുനർവായനക്കും അപഗ്രഥനത്തിനുംവേ ി കേരള പുരാവസ്തു വകുപ്പിന്റെ സ്കൂൾ ഓഫ് എപ്പിഗ്രാഫി , കാലാകാലങ്ങളായി തിരുവനന്തപുരത്ത് എപ്പിഗ്രാഫി കോഴ്സ് നടത്തിവരുന്നു. ആർക്കീവ്സ്, ആര്ക്കിയോളജി വകുപ്പിലെ ജീവനക്കാർക്ക് മാത്രമാണ്ഈപരിശീലനത്തിനു പ്രവേശനം ഉള്ളത്. നാശോന്മുഖമായിക്കൊ ിരിക്കുന്ന ചരിത്രലിഖിതങ്ങളുടെ പഠനവും അവയുടെ സംരക്ഷണവും സംബന്ധിച്ച്,മറ്റുള്ളവരിലും അവബോധം വളർത്തുന്നതിന് കേരള സാംസ്കാരിക കാര്യ വകുപ്പിന് കീഴിലുള്ള ആറന്മുള വാസ്തുവിദ്യാഗുരുകുലം മദ്ധ്യതിരുവിതാംകൂർ കേന്ദ്രീകരിച്ച് ശനി, ഞായർ ദിവസങ്ങൾ മാത്രമായി, ഒരു വർഷത്തെ പരിശീലനം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. തൊഴിൽ പരമായഒരു വാഗ്ദാനവും ഈപരിശീലനത്തിന് ഉ ായിരിക്കുന്നതല്ല.

### 2 പ്രവേശനം

താഴെ പറയുന്ന യോഗ്യത ഉള്ളവർക്ക് മാത്രമായി പ്രവേശനം നിജപ്പെടുത്തിയിരിക്കുന്നു.

- മലയാളം,സംസ്കൃതം,തമിഴ്,ചരിത്രം,ഭാഷാശാസ്ത്രം,ആർക്കിയോളജി എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നും നേടിയിട്ടുള്ള ബിരുദം
- അല്ലെങ്കിൽ മറ്റ് ഏതെങ്കിലും വിഷയത്തിൽ നേടിയ ബിരുദവും, ശിലാശിഖിതവിജ്ഞാനീയത്തിലോ, പുരാതന ലിപി വിജ്ഞാനത്തിലോ ഉള്ള ഗവേഷണപരിചയവും താത്പര്യവും

വാസ്തുവിദ്യാഗുരുകുലം ഡയറക്ടർ, കാലാകാലങ്ങളിൽ അപേക്ഷ സ്വീകരിക്കുകയും പരിശീലനത്തിനുള്ള തെരഞ്ഞെടിപ്പ് നടത്തുകയും ചെയ്യും. ഡയറക്ടർ അദ്ധ്യക്ഷനായുള്ള വിദഗ്ദ്ധ സമിതി ആയിരിക്കും പ്രവേശനത്തിനുള്ള അർഹരെ തെരഞ്ഞെടുക്കുക.

കൂടിക്കാഴ്ച്ചക്കോ പരിശീലനത്തിനോ യാത്രബത്തയോ ക്ഷാമബത്തയോ നൽകുന്നതല്ല.തെരഞ്ഞെടുക്കപ്പെട്ട അപേക്ഷകരെ വിവരം അറിയിക്കുകയും അവർ യഥാസമയം ഡയറക്ടറുടെ മുമ്പാകെ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് ഹാജരാകേ തുമാണ് . നിലവിൽ ജോലിയുള്ള അപേക്ഷകർ , അവരുടെ മേലധികാരികൾ മുഖേന മാത്രം അപേക്ഷ സമർപ്പിക്കാവൂ.

| | |
|---|---|
| കോഴ്സിന്റെ പേര് | - ഡിപ്ലോമോ ഇൻ ഇന്ത്യൻ എപ്പിഗ്രാഫി |
| കോഴ്സ് ദൈർഘ്യം | - 1 വർഷം |
| സീറ്റുകളുടെ എണ്ണം | - 20 |
| കോഴ്സ് ഫീസ് | - 50,000 രൂപ + ജി.എസ്.ടി |
| ക്ലാസുകളുടെ എണ്ണം | -80 |
| അറ്റൻഡൻസ് | - 80 ശതമാനം വേണം |

## 3 പരിശീലനം

- പരിശീലന കാലാവധി ഒരു വർഷമായിരിക്കും
- ശനി, ഞായർ ദിവസങ്ങളിൽ മാത്രം രാവിലെ 10.30മുതല് 3.30വരെയായിരിക്കും പരിശീലനസമയം
- പത്തനംതിട്ട ജില്ലയിലെ ഇലവുംതിട്ട മൂലൂർ പത്മനാഭ പണിക്കർ സ്മാരകത്തിൽ വച്ചാകും ക്ലാസുകൾ നടത്തുക.

## 4 നിബന്ധനകൾ

- യാതൊരുവിധ പരിശീലന വേതനവും നൽകുന്നതല്ല.
- താമസ്സത്തിനും ഭക്ഷണത്തിനും ഉള്ള സൗകര്യങ്ങൾ പരിശീലകർ തന്നെ കണ്ടെത്തേണ്ടതാണ്.
- പരിശീലനം യാതൊരുവിധ തൊഴിൽ വാഗ്ദാനവും നൽകുന്നതല്ല.
- തുടർച്ചയായ അസാനിധ്യം,കൃത്യവിലോപം,അപമര്യാദയായ പെരുമാറ്റം എന്നീ കാരണങ്ങളാൽ ഏതൊരു പരിശീലകനെയും പരിശീലനത്തിൽനിന്നും മാറ്റി നിർത്താൻ ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും

## 5 യോഗ്യത പത്രം

പരിശീലനകാലത്തിന്റെ അവസാനം വിഷയാധിഷ്ടിതമായ ഒരു പരീക്ഷ നടത്തുകയും അതിൽ വിജയിക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

## 6 പാഠ്യക്രമം

- എഴുത്തു വിദ്യായുടെ ആരംഭം, വളർച്ച
- ശിലാലിഖിതവിജ്ഞാനീയത്തിന്റെ രേഖാരൂപം
- കേരളത്തിൽ നിന്നും ലഭിച്ചിട്ടുള്ള രേഖകളുടെ പര്യാലോചന
- എഴുത്തുസാമഗ്രികൾ
- അശോകബ്രാഹ്മ്യേ മുൻനിർത്തി ബ്രാഹ്മിലിഖിതങ്ങളുടെ പുനർ വായന,ബ്രാഹ്മി ലിപികൾ .
- കേരളത്തിൽ നിന്നും കണ്ടുകിട്ടിയിട്ടുള്ള രേഖകളുടെ അടിസ്ഥാനത്തിൽ ഉള്ള ചരിത്ര നിർമ്മാണം
- കേരളത്തിൽ നിലനിന്നിരുന്ന വട്ടെഴുത്ത്, കോലെഴുത്ത്, മലയാണ്മ എന്നീ ലിപികളുടെ പഠനം
- ഗ്രന്ഥാക്ഷരലിപികൾ
- മലയാളഭാഷയുടെ ഉൽപത്തി- വികാസം-പരിണാമം
- തമിഴ് ലിപികൾ
- എസ്റ്റാമ്പേജ് പരിശീലനം(ശിലാലിഖിതപ്രതിരൂപങ്ങളുടെ പഠനക്രമം)
- ഫീൽഡ് പരിശീലനം

# വാസ്തുശാസ്ത്രത്തിൽ ഹ്രസ്വകാലകോഴ്സ്

സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിൽ ആറന്മുളയിൽ പ്രവർത്തിക്കുന്ന വാസ്തുവിദ്യ ഗുരുകുലത്തിന്റെ ആഭിമുഖ്യത്തിൽ വാസ്തുശാസ്ത്രത്തിൽ ഹ്രസ്വകാല(4 മാസം)കോഴ്സ് ആരംഭിക്കുന്നു.

കോഴ്സ് ഫീസ് - 25000 + ജി.എസ്.ടി

ആകെ സീറ്റ് - 30

യോഗ്യത : ITI Civil Draughtsman,KGCE civil engineering ,ITI Architectural Assistanceship

**പരിശീലനം**

- ആഴ്ചയിൽ 3 ദിവസം ക്ലാസ്സ്.
- പത്തനംതിട്ട ജില്ലയിലെ ഇലവുംതിട്ട മൂലൂർ പത്മനാഭ പണിക്കർ സ്മാരകത്തിൽ വച്ചാകും ക്ലാസുകൾ നടത്തുക.

## ഹ്രസ്വകാല കോഴ്സ് സിലബസ്

**കോഴ്സിന്റെ പേര് - 4 മാസ വാസ്തു ശാസ്ത്രകോഴ്സ്**

- വാസ്തുവിദ്യാ - ആമുഖം
- കേരളീയ വാസ്തുവിദ്യ - അളവുകൾ 1st Month
  - സ്ഥാന നിർണ്ണയം
- വാസ്തുവിദ്യാ കണക്കുകൾ - ആയാദി ഷഡ്വർഗ്ഗങ്ങൾ 2nd Month
  - അനുപാതങ്ങൾ
- രൂപകല്പന - ഏകശാല
  - ദ്വിശാല
  - ത്രിശാല
  - ചതുശ്ശാല 3rd Month
- ആധുനിക രൂപകല്പനയും വാസ്തുവിദ്യാകണക്കുകളും 4th Month

**യോഗ്യത പത്രം**

പരിശീലനകാലത്തിന്റെ അവസാനം വിഷയാധിഷ്ടിതമായ ര ു പരീക്ഷ നടത്തുകയും അതിൽ വിജയിക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.